ബീഹാറിലേക്ക് ജില്ലയിൽ നിന്നുള്ള മൂന്നാമത്തെ ട്രയിന് പുറപ്പെട്ടു

ആലപ്പുുഴ: ജില്ലയിലെ രണ്ടു താലൂക്കുകളില് നിന്നുള്ള അതിഥി തൊഴിലാളികളുമായുള്ള മൂന്നാമത്തെ ട്രയിൻ ബീഹീറിലേക്ക് ചൊവ്വാഴ്ച വൈകിട്ട് ആലപ്പുുഴ സ്റ്റേഷനിൽ നിന്ന് പുറപ്പെട്ടു. കാർത്തികപ്പള്ളി ,മാവേലിക്കര താലൂക്കുകളിൽ നിന്നുള്ള 1140 അതിഥി തൊഴിലാളികളാണ് ബിഹാറിലേക്കുള്ള ട്രയിനിൽ യാത്രതിരിച്ചത്. കാർത്തികപ്പള്ളി താലൂക്കില് നിന്ന് 276 പേരും മാവേലിക്കരയില് നിന്ന് 864 പേരുമാണ് ഉള്ളത്. ഇവരെ പ്രത്യേകം ഏർപ്പെടുത്തിയ കെ. എസ്. ആർ. ടി. സി ബസ്സുകളിലാണ് താലൂക്കിലെ വിവിധ കേന്ദ്രങ്ങളിൽ നിന്നും റെയിൽവേ സ്റ്റേഷനിലേക്ക് എത്തിച്ചത് . ബ്രെഡ്, ചപ്പാത്തി, നേന്ത്രപ്പഴം, പച്ചമുളക്, സവാള, അച്ചാർ, കുടിവെള്ളം എന്നിവ ഉൾപ്പെടുത്തി ആവശ്യമായ ഭക്ഷണവും ഇവർക്കായി ക്രമീകരിച്ചാണ് അതിഥി തൊഴിലാളികളെ യാത്രയാക്കിയത്. 985 രൂപയാണ് യാത്രാനിരക്ക്. ബിഹാറിലെ ബിട്ടയ്യ സ്റ്റേഷനിലാണ് ഇവരെ എത്തിക്കുക.

എല്ലാ നിബന്ധനകളും
പാലിച്ച് യാത്രയയപ്പ്

ആലപ്പുുഴ: ബീഹാറിലേക്കുള്ള മൂന്നാമത്തെ ട്രയിൻ ജില്ലയിലെ രണ്ടു താലൂക്കുകളില് നിന്നുള്ള അതിഥി തൊഴിലാളികളുമായി പുറപ്പെട്ടത് സർക്കാര് മാർഗ്ഗനിർദ്ദേശങ്ങള് എല്ലാം പാലിച്ചുകൊണ്ടാണ്. ഇവരുടെ കൈവശം വയ്ക്കേണ്ട രേഖകളെല്ലാം നേരത്തെ തന്നെ സർക്കാര് കൈമാറിയിരുന്നു. മടങ്ങി പോകുന്നതിന് താൽപര്യം പ്രകടിപ്പിച്ച അതിഥി തൊഴിലാളികളുടെ പട്ടിക നേരത്തെ തന്നെ പൊലീസും ലേബർ വകുപ്പിലെ ഉദ്യോഗസ്ഥരും റവന്യൂ ഉദ്യോഗസ്ഥരും ചേർന്ന് തയ്യാറാക്കിയിരുന്നു. തുടർന്ന് ഇവരുടെ ആരോഗ്യ സ്ഥിതി മെഡിക്കല് ഓഫീസർമാര് വിലയിരുത്തി. ട്രയിൻ ഉറപ്പായതോടെ നേരത്തെതന്നെ യാത്രയ്ക്ക് തയ്യാറെടുക്കാനുള്ള നിർദ്ദേശം നൽകി. താലൂക്കിലെ വിവിധ ഭാഗങ്ങളിൽ നിശ്ചിത സ്ഥലങ്ങളില് ഇവർക്കായി കെഎസ്ആർടിസി ബസ് ഒരുക്കി നിർത്തി. ലിസ്റ്റുനോക്കിയാണ് അതിഥി തൊഴിലാളികളെ കോച്ച് അടിസ്ഥാനത്തില് ഓരോ ബസ്സിലും കയറ്റിയത്. പൊലീസ്, റവന്യൂ ഉദ്യോഗസ്ഥർ ഓരോ ബസ്സിലും അതിഥി തൊഴിലാളികളെ അനുഗമിച്ചു. കൃത്യമായ അകലം പാലിച്ചുകൊണ്ട് ഒരു സീറ്റിൽ ഒരാള് എന്ന

നിലയിലാണ് ഇവരെ ഇരുത്തിയത്. കാർത്തികപ്പള്ളിയില് നിന്ന് 14 ബസ്സ്, മാവേലിക്കര നിന്ന് 32 ബസ്സ് എന്ന നിലയിലാണ് അതിഥി തൊഴിലാളികളെ എത്തിച്ചത്.

മെഡിക്കൽ സർട്ടിഫിക്കറ്റും രണ്ടുദിവസത്തേക്ക് കഴിക്കാനുള്ള ഭക്ഷണവും ബസ്സില് വച്ചുതന്നെ അതിഥി തൊഴിലാളികൾക്ക് നൽകിയിരുന്നു. ഈ ബസുകൾ നിശ്ചിത ഇടവേളകളില് ബൈപാസിനു സമീപം പാർക്ക് ചെയ്യുകയും റെയിൽവേ സ്റ്റേഷനു മുൻവശം പ്രത്യേകം തയ്യാറാക്കിയ ഹെൽപ് ഡെസ്കില് നിന്ന് വിളിക്കുന്ന മുറയ്ക്ക് ബസ്സുകള് റെയിൽവേ സ്റ്റേഷനിലേക്ക് കടത്തിവിടുകയും ചെയ്തു.

റെയിൽവേ സ്റ്റേഷനു മുന്നില് രണ്ട് കൗണ്ടറുകള് തയ്യാറാക്കിയിരുന്നു. ഓരോ ബസ്സിൽ നിന്ന് ഇറങ്ങുന്ന ആളുകളുടെ പട്ടികയുമായി ബന്ധപ്പെട്ട റെവന്യൂ ഉദ്യോഗസ്ഥന് കൗണ്ടറുകളെ സമീപിക്കുകയും ഇവർക്കായുള്ള ടിക്കറ്റ് വാങ്ങുകയും ചെയ്തു.

പിന്നീട് തൊഴിലാളികളെ എണ്ണി പ്ലാറ്റ്ഫോമിലേക്ക് പ്രവേശിപ്പിക്കുകയും തുടർന്ന് ട്രയിനില് ഇരിപ്പിടങ്ങളിൽ എത്തിക്കുകയും ചെയ്തു്ു. തുടർന്ന് കൂടെ അനുഗമിച്ച റവന്യൂ ഉദ്യോഗസ്ഥന് ഇവർക്ക് ടിക്കറ്റ് നൽകി. ഇതുവഴി തിക്കുംതിരക്കും പൂർണമായി ഒഴിവാക്കാന് കഴിഞ്ഞു. അതിഥി തൊഴിലാളികളെ റെയിൽവേ പ്രൊട്ടക്ഷന് ഫോഴ്സു്ു്ം ജി.ആർ.എഫും അനുഗമിക്കുന്നുണ്ട്.

ജില്ല കളക്ടർ എം.അഞ്ജന, ജില്ല പോലീസ് മേധാവി ജെയിംസ് ജോസഫ്, ആർഡിഒ മാരായ ഉഷാകുമാരി, എസ് സന്തോഷ്കുമാര് , ദുരന്തനിവാരണവിഭാഗം ഡെപ്യൂട്ടി കളക്ടർ ആശ സി എബ്രഹാം എന്നിവര് പ്രവർത്തനങ്ങള് നിയന്ത്രിച്ചു.